# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 300 — 26.02.2018 — ൽ മറുപടിക്ക്

## പുതിയ റേഷൻകാർഡിനുള്ള അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) വിവിധ ക്ഷേമ പെൻഷനുകൾ, ചികിത്സാ സഹായങ്ങൾ എന്നിവയ്ക്ക് അപേക്ഷിക്കുന്നതിന് റേഷൻ കാർഡ് ആവശ്യമാകയാൽ പുതിയ റേഷൻകാർഡിനായി അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. |
| (ബി) പുതിയ റേഷൻകാർഡിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) കുടുംബനാഥയുടെ രണ്ട് പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/ നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, അംഗങ്ങളുടെ ആധാറിന്റെ പകർപ്പ് എന്നിവ. |
| (സി) നിലവിൽ വിവിധ വിഭാഗങ്ങൾക്ക് പല നിറങ്ങളിൽ നൽകിയിട്ടുള്ള റേഷൻ കാർഡുകളുടെ നിറം ഏകീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ എത്രത്തോളം പരിഹരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ട അപേക്ഷകൾ പരിശോധിച്ച് റേഷൻ കടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവർ നൽകിയ പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. |

*സെക്ഷൻ ഓഫീസർ*